LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷ്യ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് കിൻഫ്ര ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കിൻഫ്ര പാലക്കാട് 73 ഏക്കർ സ്ഥലത്ത് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്. ഇതിനായി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) വനിതകൾ ഉൾപ്പെടെയുള്ള ഭക്ഷ്യ സംസ്കരണ സംരംഭകർക്കുവേണ്ടി കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കിയ വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*

(സി) വനിതകൾക്കു വേണ്ടി പ്രത്യേക തുക നീക്കിവച്ചിട്ടില്ല.

## വ്യവസായം-വാണിജ്യ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം

177 (4759) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ-വാണിജ്യ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ആകെ എത്ര തസ്തികകളാണ് ഉള്ളത് ; ഈ തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം രീതിയിലാണ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് വ്യക്തമാക്കാമോ ;

(സി) വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ഡി) ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് വിവിധ വകുപ്പുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള (GO(Ms)No.288/71/PD, dated 1-9-1971) വ്യവസായ വാണിജ്യ വകുപ്പിന് ബാധകമാണോയെന്ന് വ്യക്തമാക്കാമോ ;

(ഇ) എങ്കിൽ ഈ ഉത്തരവ് പ്രകാരം നാളിതുവരെ എത്ര ടൈപ്പിസ്റ്റുമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) വ്യവസായ-വാണിജ്യവകുപ്പ് ഡയറക്ടറേറ്റിൽ ടൈപ്പിസ്റ്റ് ആയി ജോലി ചെയ്യുന്ന ശ്രീമതി ആതിര.ജി. കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി 2014 മാർച്ചിൽ സമർപ്പിച്ച അപേക്ഷയിന്മേൽ (ഫയൽ നമ്പർ 13666/14) എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ജി) ശ്രീമതി ആതിര, ജി.-ക്ക് സ്ഥാനക്കയറ്റം ലഭ്യമാകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ 27 തസ്തികകളുണ്ട്. യോഗ്യതകൾ - എസ്.എസ്.എൽ.സി, ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & മലയാളം (ഹയർ), ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് & മലയാളം (ലോവർ).

(ബി) 1:1 എന്ന അനുപാതത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും വകുപ്പിൽ യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും സ.ഉ.(എംഎസ്.) നമ്പർ 288/71/പി.ഡി. തീയതി 1-9-1971 ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം മുഖേനയും.

(സി) എട്ട് ഒഴിവുകൾ നിലവിലുണ്ട്. അതിൽ മൂന്ന് ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ബാധകമാണ്.

(ഇ) അഞ്ച് പേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

1. ശ്രീ. എൻ. ജനാർദ്ദനപിഷാരടി
2. ശ്രീമതി സി. സലോമി
3. ശ്രീമതി എം. ശകുന്തള
4. ശ്രീമതി സുലോചന
5. ശ്രീ. എൻ. ബാലൻ

(എഫ്) ശ്രീമതി ആതിര, ജി.-യും മറ്റ് ചിലരും സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അർഹതയുള്ളവരുടെ അപേക്ഷകൾ വാങ്ങി അയയ്ക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർ വകുപ്പിന് കീഴിലുള്ള സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(ജി) നിലവിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടിയാളുടെ അപേക്ഷയിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വ്യവസായ വാണിജ്യ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly